പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4353 | 21.03.2018-ൽ മറുപടിക്ക്

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് കേന്ദ്രങ്ങളിൽ ഫീസ് ഇളവ്

ചോദ്യം | മറുപടി

ശ്രീ. വി.പി. സജീന്ദ്രൻ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് അക്ഷയ കേന്ദ്രങ്ങളിൽ ഇളവനുവദിച്ചിട്ടുണ്ടെങ്കിലും പലയിടത്തും ഇവരിൽ നിന്നും അമിത ഫീസ് ഈടാക്കുന്നുവെന്ന് പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഇ-ഡിസ്ട്രിക്ട് വഴിയുള്ള അപേക്ഷകൾ അക്ഷയ കേന്ദ്രങ്ങൾ മുഖേന സമർപ്പിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം വിഭാഗക്കാരിൽ നിന്നും അക്ഷയ കേന്ദ്രങ്ങൾ ക്രമവിരുദ്ധമായി ഫീസ് വാങ്ങുന്നുവെന്ന് കാണിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ക്രമപ്രകാരമല്ലാതെ ഫീസ് ഈടാക്കുന്ന അക്ഷയ കേന്ദ്രങ്ങൾ ഉണ്ടോ എന്ന് നടത്തിയ അന്വേഷണത്തിൽ ക്രമപ്രകാരമല്ലാതെ ഫീസ് വാങ്ങുന്ന അക്ഷയ കേന്ദ്രങ്ങളൊന്നും ഉള്ളതായി കണ്ടെത്തിയിരുന്നില്ല. എങ്കിലും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് ഇ-ഡിസ്ട്രിക്ട് വഴി അപേക്ഷ സമർപ്പിക്കുമ്പോൾ ഫീസ് ഇളവുണ്ടെന്ന വിവരം സേവനനിരക്കുകൾ സൂചിപ്പിക്കുന്ന ബോർഡിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ക്രമപ്രകാരമല്ലാതെ ഇത്തരക്കാരിൽ നിന്നും ഫീസ് ഈടാക്കരുതെന്നും അക്ഷയ സംരംഭകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടർ അക്ഷയ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ പരിശോധന നടത്തി ഇതിന്റെ സേവനം കുറ്റമറ്റതാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ജില്ലാ കളക്ടർമാർ അക്ഷയ കേന്ദ്രങ്ങളിൽ മിന്നൽ പരിശോധന നടത്തിയതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി അക്ഷയയുടെ ജില്ലാതല ഓഫീസുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ അക്ഷയ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ക്രമക്കേടുകൾ കണ്ടെത്തിയാൽ സർക്കാരിന്റെയും അക്ഷയ സംസ്ഥാന ഓഫീസിന്റെയും അക്ഷയ ചീഫ് കോ-ഓർഡിനേറ്ററായ ജില്ലാ കളക്ടറുടെയും ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്. കൂടാതെ അക്ഷയ കേന്ദ്രങ്ങളെക്കുറിച്ചുള്ള ഗുരുതരമായ പരാതികൾ പരിശോധിക്കുന്നതിന് സർക്കാർ തലത്തിൽ ഒരു അന്വേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്. ഗുരുതരമായ പരാതികൾ ലഭിക്കുന്ന പക്ഷം പ്രസ്തുത സമിതി അക്ഷയ കേന്ദ്രങ്ങളിൽ പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്ഷയ കേന്ദ്രങ്ങളുടെ സേവനം കുറ്റമറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ